കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ് – ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് വക KL 01K-3386-ാം നമ്പർ വാഹനം മലപ്പുറം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ)യ്ക്ക് കൈമാറുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം:1644/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 18/6/2012**

**പരാമർശം:-** 1. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28/9/11-ലെ 110/11 നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 14/3/12-ലെ 4317/എസി & എഡി5/11/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് വക KL 01K-3386-ാം നമ്പർ ജീപ്പ് ദൂരയാത്രയ്ക്ക് ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥയിലായതിനാൽ പുതിയ ഒരു വാഹനം വാങ്ങുന്നതിന് തനതുഫണ്ടിൽ 6.34 ലക്ഷം രൂപ വകയിരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും ആയതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. മലപ്പുറം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ)യ്ക്ക് നിലവിൽ ഔദ്യോഗിക വാഹനങ്ങൾ ഇല്ലാത്തതിനാൽ ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് വക വാഹനം മലപ്പുറം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ)യ്ക്ക് കൈമാറുന്നതിന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് വക KL 01K-3386-ാം നമ്പർ വാഹനം മലപ്പുറം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പി.എ)യ്ക്ക് കൈമാറുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ ഉപയോഗത്തിന് തനതുഫണ്ടിൽ വകയിരുത്തിയിട്ടുള്ള 6.34 ലക്ഷം രൂപ ചെലവഴിച്ച് ഒരു വാഹനം വാങ്ങുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.ശോഭ

ഗവ. അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം
3. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
5. സെക്രട്ടറി, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം
6. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ(പി.എ), മലപ്പുറം
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Prashad M.R

സെക്ഷൻ ഓഫീസർ.